പത്രക്കുറിപ്പ് 26.06.2024

# ജെൻ എഐ കോൺക്ലേവ്: സ്റ്റാർട്ടപ്പ് ഹാക്കത്തോണിന് തുടക്കമായി

## ജൂലൈ 11, 12 തീയതികളിൽ നടക്കുന്ന സമ്മേളനത്തിനു മുന്നോടിയായി പങ്കാളികളുമായി മന്ത്രി പി രാജീവ് സംവദിച്ചു

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനും (കെഎസ്ഐഡിസി) ഐബിഎമ്മും സംയുക്തമായി അടുത്ത മാസം കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ജനറേറ്റീവ് എഐ കോൺക്ലേവിനു മുന്നോടിയായി സ്റ്റാർട്ടപ്പുകൾക്കായുള്ള ഹാക്കത്തോൺ ആരംഭിച്ചു. 'ഐബിഎം വാട്സൺഎക്സ് ചലഞ്ച്' എന്ന വെർച്വൽ ഹാക്കത്തോണിൽ കേരള സ്റ്റാർട്ടപ്പ് മിഷനും (കെഎസ്‌യുഎം) പങ്കാളികളാണ്.

മത്സരത്തിൽ പങ്കെടുക്കുന്ന എഐ അധിഷ്ഠിത സ്റ്റാർട്ടപ്പുകൾ അവരുടെ നൂതന ആശയങ്ങൾ വാട്സൺഎക്സ് പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കും. ഐബിഎമ്മുമായി സഹകരിച്ച് ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിലാണ് ദ്വിദിന അന്താരാഷ്ട്ര ജനറേറ്റീവ് എഐ കോൺക്ലേവ് നടക്കുന്നത്.

ഹാക്കത്തോണിലെ വിജയികൾക്ക് വ്യവസ്ഥകൾക്കനുസൃതമായി കെഎസ്ഐഡിസിയിൽ നിന്ന് ഒരു കോടി രൂപ വരെ സ്കെയിൽ അപ് ഫണ്ട് ലഭിക്കുമെന്ന് ചടങ്ങിൽ സംസാരിച്ച വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി പി രാജീവ് അറിയിച്ചു. വ്യവസായ വകുപ്പ് കണ്ടെത്തിയ 22 മുൻഗണനാ മേഖലകളിൽ ഒന്നാണ് എഐ എന്നും കേരളത്തെ  എഐയുടെ പ്രധാന കേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിടുന്ന സംരംഭമാണ് ജെൻ എഐ കോൺക്ലേവെന്നും മന്ത്രി പറഞ്ഞു. പതിനഞ്ചു വർഷത്തിനുള്ളിൽ സംസ്ഥാനം ഹൈടെക് നിർമ്മാതാക്കളുടെ ഹബ്ബായി മാറുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

കൊച്ചി ബോൾഗാട്ടിയിലെ ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ജൂലൈ 11, 12 തീയതികളിലാണ് അന്താരാഷ്ട്ര ജനറേറ്റീവ് എഐ കോൺക്ലേവ് നടക്കുന്നത്. മുഖ്യമന്ത്രി, മന്ത്രിമാർ, ഐബിഎം അംഗങ്ങൾ, വ്യവസായ-ടെക്നോളജി പ്രമുഖർ, നയരൂപകർത്താക്കൾ, ഇന്നൊവേറ്റർമാർ തുടങ്ങിയവർ എഐയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പങ്കിടും.

ജെൻ എഐ കോൺക്ലേവ് ആഗോളതലത്തിൽ സംസ്ഥാനത്തിന്റെ എഐ സാധ്യതകൾ തുറന്നുകാട്ടുന്നതിനും ഈ മേഖലയിലെ പങ്കാളികളുമായുള്ള സഹകരണത്തിനും വലിയ സാധ്യതകൾ വാഗ്ദാനം ചെയ്യുന്നുവെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് പറഞ്ഞു.

ഇലക്ട്രോണിക്സ് ഐടി സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, ഐ ആൻഡ് പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ, കെഎസ്‌യുഎം സിഇഒ അനൂപ് അംബിക, ഐബിഎം പ്രതിനിധി ചാർളി എന്നിവരും പങ്കെടുത്തു.

ഐബിഎം വാട്സൺഎക്സ് ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ക്രിയേറ്റീവ് സൊല്യൂഷൻ സമർപ്പിക്കുന്ന മികച്ച ടീമിന് പുരസ്കാരത്തിനു പുറമേ ജെൻ എഐ കോൺക്ലേവിൽ പങ്കെടുക്കാനും ആശയം അവതരിപ്പിക്കാനുള്ള അവസരം ലഭിക്കും. കൂടുതൽ വിവരങ്ങൾക്കും കോൺക്ലേവിൽ രജിസ്റ്റർ ചെയ്യുന്നതിനും: https://www.ibm.com/in-en/events/gen-ai-conclave.